## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5554 02/07/2014-ൽ മറുപടിക്ക്

## കാൻസർ നിയന്ത്രണ ചികിത്സാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" അൻവർ സാദത്ത്<br>" കെ.ശിവദാസൻ നായർ<br>" പി. എ. മാധവൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ നിയന്ത്രണ ചികിത്സാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഗ്രാമീണ മേഖലയിൽ ഫീൽഡ് തലത്തിൽ തന്നെ കാൻസർ രോഗം കണ്ടുപിടിക്കുന്നതിനും ചികിത്സിയ്ക്കുന്നതിനുമുള്ള 'കാൻസറിനെതിരെ കേരളം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'NPCDS' നിലവിലുള്ള അഞ്ച് ജില്ലകളിലും (പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, കോഴിക്കോട്) തിരുവനന്തപുരം ജില്ലയിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.<br>തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിലാണ്. കേരളത്തിൽ വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇവ നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ 'കാൻസർ കെയർ പദ്ധതി' നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജില്ലാ ആശുപത്രിയിൽ മാത്രമാണ് കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ ലഭ്യമായിട്ടുള്ളത്.എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും 12 ജില്ലകളിൽ അത് പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്മാർക്കും അവരെ സഹായിക്കാനായി രണ്ട് സ്റ്റാഫ് നഴ്സുമാർക്കും വീതം തിരുവനന്തപുരം ആർ.സി.സിയിലും മലബാർ കാൻസർ സെന്ററിലും വച്ച് വിദഗ്ധ പരിശീലനം നൽകി വിന്യസിക്കുകയുണ്ടായി. ഇതിനോടകം 2500/- (രണ്ടായിരത്തി അഞ്ഞൂറ്) ലേറെ കീമോതെറാപ്പിയും മറ്റ് അനുബന്ധ ചികിത്സകളും നൽകുകയും കൂടാതെ 300 (മുന്നൂറ്) ഓളം പുതിയ കേസുകളും കണ്ടെത്തുന്നതിനും ഈ സെന്ററുകൾ മുഖേന സാധ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കാൻസർ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും മരുന്നും ധനസഹായ വിതരണവും നടത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സർക്കാർ മേഖലയിൽ എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. കൂടാതെ ഫീൽഡ് തലത്തിൽ തന്നെ നിർണ്ണയ ക്യാമ്പുകൾ നടപ്പിലാക്കി കാൻസർ രോഗം നേരത്തെ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങളാണ് കാൻസർ ചികിത്സാ പദ്ധതിയുമായി സഹകരിക്കുന്നത്. |
| (ഡി) | എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത് ; | (ഡി) | കാൻസർ രോഗത്തെ കുറിച്ചുള്ള ബോധവത്കരണം വിദ്യാർത്ഥികളിലും ചെറുപ്പക്കാരിലും എത്തിക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ എക്സിബിഷൻ, ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിച്ച് വരുന്നു. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പോസ്റ്ററുകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ആയവ പൊതു സ്ഥലങ്ങളിലും ആരോഗ്യ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ദൃശ്യ ശ്രവണ മാധ്യമങ്ങളിലൂടെയും അവ പ്രദർശിപ്പിച്ച വരുന്നു. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക്, പൊതുജനങ്ങളെ കാൻസർ രോഗത്തെക്കുറിച്ചുള്ള ബോധവത്കരണം നൽകുന്നതിനുവേണ്ടി ടെയിനിംഗ് ക്ലാസ്സുകളും സംഘടിപ്പിച്ച വരുന്നു. |
| (ഇ) | ഏതെല്ലാം തരം ആശുപത്രികളിലാണ് പദ്ധതിയനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ? | (ഇ) | സംസ്ഥാനത്തെ 14 ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിലാണ് ജില്ലാ കാൻസർ കെയർ സംവിധാനം നടപ്പിലാക്കിയത്. ജില്ലാ/ജനറൽ ആശുപത്രികളിലാണ് പ്രധാനമായും ഈ പദ്ധതി നിലവിൽ വന്നത്. കൂടാതെ പുനലൂർ താലൂക്ക് ആശുപത്രിയിലും നല്ലൂർനാട് ട്രൈബൽ ആശുപത്രിയിലും ഈ ചികിത്സാ സൗകര്യം സജ്ജമാക്കിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ